## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2550 12/03/2020-ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിലെ കാലതാമസം

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ താൽക്കാലികമായി നിയമിക്കുമ്പോൾ 6 മാസം കഴിയുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികളെ വീണ്ടും നിയമിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. KS & SSR റൂൾ 9 (a) (i) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനങ്ങളുടെ നിയമന കാലാവധി 180 ദിവസമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അധ്യാപക തസ്തികകളിലും, ആരോഗ്യ വകുപ്പിലെ ചില തസ്തികകളിലെയും താത്കാലിക നിയമന കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. യോഗ്യരായ ഉദ്യോഗാർ-ത്ഥികളെ നാമനിർദ്ദേശം ചെയ്യുകയെന്നതാണ് എംപ്ലോയ്മെന്റ് വകുപ്പിന്റെ ചുമതല. ആയതിൽ നിന്നും ടെസ്റ്റ്/ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നത് ഉദ്യോഗദായകരാണ്. നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികളെ പിരിച്ചു വിടേണ്ടതാണ്. നിയമനം ലഭിച്ച ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഒഴിവ് നികത്തപ്പെട്ടതായി കണക്കാക്കുമെന്നതിനാൽ തുടർന്നും ഒഴിവ് നിലനിൽക്കുകയാണെങ്കിൽ ഉദ്യോഗദായകൻ വീണ്ടും ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് പുതിയ ലിസ്റ്റ് ലഭ്യമാക്കി ആയതിൽ നിന്നും നിയമനം നടത്തേണ്ടതാണ്. അറിയിക്കപ്പെടുന്ന ഒഴിവുകളിൽ ഉദ്യോഗാർത്ഥി-കളുടെ ലിസ്റ്റ് നൽകുന്നതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കാലതാമസം വരുത്താറില്ല. |

| | | | |
|---|---|---|---|
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഉദ്യോഗാർത്ഥി കാലാവധി കഴിഞ്ഞ് പിരിഞ്ഞ് പോയതിനുശേഷം, വകുപ്പുകൾ പ്രസ്തുത ഒഴിവുകൾ വീണ്ടും എംപ്ലോയ്മെന്റിൽ അറിയിച്ച് ഇന്റർവ്യൂ ചെയ്ത് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാസങ്ങളുടെ കാലതാമസം ഉണ്ടാകുന്നത് പല പദ്ധതികളെയും ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നൽകുന്ന നാമനിർദ്ദേശ പട്ടികയിലെ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകേണ്ടതും നിയമന കാലാവധി കഴിഞ്ഞ് പിരിച്ചു വിടേണ്ടതും ഉദ്യോഗദായകരുടെ ചുമതലയാണ്. തുടർന്നും ഒഴിവുകൾ നിലനിൽക്കുകയാണെങ്കിൽ വീണ്ടും ഒഴിവ് എംപ്ലോയ്മെന്റിൽ അറിയിക്കേണ്ടതും പുതിയ ലിസ്റ്റ് ലഭ്യമാക്കി ആയതിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്. അപ്രകാരം നിയമനം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നത് വഴി പദ്ധതികളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ തൊഴിൽവകുപ്പും ബന്ധപ്പെട്ട വകുപ്പുകളും കൂടിയാലോചിച്ച് പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നിയമനം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും താൽക്കാലിക നിയമനത്തിനായി നൽകുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും 45 ദിവസത്തിനുള്ളിൽ നിയമന നടപടികൾ സ്വീകരിച്ച് വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കണമെന്ന കർശന നിർദ്ദേശം എല്ലാ ഉദ്യോഗദായകർക്കും ലിസ്റ്റിനോടൊപ്പം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**